**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - പതിനൊന്നാം പെൻഷൻ പരിഷ്കരണം - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലെ പെൻഷൻകാരുടെ/കുടുംബ പെൻഷൻകാരുടെ പെൻഷൻ/കുടുംബ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി)നം.138/2022/ധന. തീയതി,തിരുവനന്തപുരം,08/11/2022.**

---

പരാമർശം:-1. സ.ഉ(അ)നം.30/2021/ധന തീയതി 12/02/2021.

2. സ.ഉ(അ)നം.35/2021/ധന തീയതി 23/02/2021.

3. പരിപത്രം നം.30/2021/ധന തീയതി 27/03/2021.

4. പരിപത്രം നം.50/2021/ധന തീയതി 02/07/2021.

5. സ.ഉ(അ)നം.162/2021/ധന തീയതി 02/12/2021.

6. സ.ഉ(കൈ)നം.227/2022/ഉ.വി.വ തീയതി 11/05/2022.

7. സ.ഉ(അ)നം.103/2022/ധന തീയതി 01/09/2022.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. വിരമിച്ച ജീവനക്കാർക്ക് പുതുക്കിയ പെൻഷൻ നിരക്കുകൾ 01/07/2019 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 01.04.2013 ന് മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഇത് ബാധകം.

ii. പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് പെൻഷൻ പരിഷ്കരിക്കേണ്ടതാണ്. പരാമർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകളിലെയും

പരിപത്രങ്ങളിലെയും പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കുന്നു.

iii. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച പെൻഷൻ/കുടുംബ പെൻഷൻ ഡിസംബർ 2022 മുതൽ വിതരണം ചെയ്യുന്നതാണ്. നവംബർ 2022 വരെയുള്ള പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം ഉണ്ടാകുന്നതാണ്.

iv. 01/07/2019-നോ അതിനുശേഷമോ വിരമിച്ചവരുടെ, ഡി.സി.ആർ.ജി/ ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ തുല്യ ഗഡുക്കളായിട്ട് വിഭജിച്ച്, ആദ്യ രണ്ട് ഗഡുക്കൾ 2022 ഡിസംബർ മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും നൽകുന്നതാണ്. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/12/2022 ന് പണമായി വിതരണം ചെയ്യുന്നതാണ്.

v. അർഹതപ്പെട്ട ഡി.സി.ആർ.ജി/ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴുവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷനർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, മരണമടയുന്ന തീയതി വരെയുള്ള പ്രസ്തുത കുടിശ്ശിക പെൻഷണറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് പരാമർശം (7) ലെ നിർദ്ദേശങ്ങൾ പ്രകാരം നൽകേണ്ടതാണ്.

vi. പെൻഷൻ പരിഷ്കരണം വഴി എന്തെങ്കിലും അധിക തുക തെറ്റായി നൽകിയതായി ഭാവിയിൽ കണ്ടെത്തുന്ന പക്ഷം ടി തുക, ഡി.സി.ആർ.ജി-യുടെ കുടിശ്ശിക, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതാണ്.

vii. 01/04/2021 മുതൽ 01/11/2022 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശ്ശിക 2022 ഡിസംബർ മാസത്തെ പെൻഷനോടൊപ്പം നൽകുന്നതാണ്.

viii. പെൻഷൻ പരിഷ്കരണത്തെ തുടർന്നുള്ള പുതുക്കിയ നിരക്കുകൾ പെൻഷൻ വിതരണ അതോറിറ്റി ആതറൈസ് ചെയ്യേണ്ടതാണ്.

ix. പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചതിനെത്തുടർന്ന് അധികം കൈപ്പറ്റിയിട്ടുള്ള തുക, ഡി.സി.ആർ.ജി, പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷന്റെ ഭാവിയിലുണ്ടാകാവുന്ന ക്ഷാമാശ്വാസം, എന്നിവയിൽ നിന്ന് ഈടാക്കാവുന്നതാണ് എന്ന സത്യവാങ്മൂലം ഓരോ പെൻഷണറും/കുടുംബ പെൻഷണറും പെൻഷൻ പരിഷ്കരണ അപേക്ഷയോടൊപ്പം ലൈബ്രറി കൗൺസിൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

x. സംസ്ഥാന സർവ്വീസ് പെൻഷൻകാർ/വിരമിച്ച അധ്യാപകർ എന്നിവർക്ക് ബാധകമാക്കുന്ന എല്ലാ ഉത്തരവുകളും പരിപത്രങ്ങളും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലെ പെൻഷൻകാർക്ക് ബാധകമായിരിക്കും.

xi. ഓരോ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണത്തിന്റെയും തുക നൽകൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കണം.

xii. ഈ ഉത്തരവ് നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ ഐ.എ.എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.
2. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് –II), കേരള, തിരുവനന്തപുരം.
5. ഉന്നത വിദ്യാഭ്യാസ(എ) വകുപ്പ്.
6. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1124 തീയതി 02.11.2022).
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E-2110380 )

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം I

ഒരേ പേപ്പറിന്റെ ഇരുവശവും ഉപയോഗിക്കുക. മൂന്ന് പകർപ്പ് സമർപ്പിക്കുക.

| |
|---|
| പെൻഷൻ ഐ ഡി നമ്പർ – |

**പെൻഷൻ/കുടുംബ പെൻഷൻ/എക്സ്ഗ്രേഷ്യ പെൻഷൻ/എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ റിവിഷൻ ചെയ്യുന്നതിനുള്ള അപേക്ഷ**

**(08/11/2022 തീയതിയിലെ സ.ഉ(അ)നം.138/2022/ധന പ്രകാരം)**

| | |
|---|---|
| 1. പെൻഷണറുടെ പേര് | |
| എ) പെൻഷന്റെ സ്വഭാവം (ശരിയായത് ടിക് മാർക്ക് ചെയ്യുക) | സർവീസ് പെൻഷൻ / കുടുംബ പെൻഷൻ / എക്സ്ഗ്രേഷ്യ പെൻഷൻ / എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ |
| ബി) ജനനതീയതി | |
| 2. പിൻകോഡ് ഉൾപ്പെടെയുള്ള പോസ്റ്റൽ മേൽവിലാസം | |
| 3. മൊബൈൽ ഫോൺ നമ്പർ | |
| 4. പെൻഷണർ/ കുടുംബ പെൻഷണറുടെ ആധാർ നമ്പർ | |
| 5. പെൻഷണർ/ കുടുംബ പെൻഷണറുടെ പാൻ നമ്പർ | |
| 6. വിരമിച്ച ഓഫീസ് | |
| 7. വിരമിച്ച തീയതി / സർവീസിലിരിക്കെ മരണപ്പെട്ട തീയതി (ആവശ്യമുള്ളത് ടിക് മാർക്ക് ചെയ്യുക) | |
| 8.പെൻഷണറുടെ മരണപ്പെട്ട തീയതി (വിരമിച്ച ശേഷം മരണപ്പെട്ട സാഹചര്യത്തിൽ) | |
| 9. പെൻഷൻ ലഭിക്കുന്ന/ ലഭിക്കാൻ ആഗ്രഹിക്കുന്ന ബാങ്ക് / ട്രഷറി ശാഖയുടെ വിവരങ്ങൾ (അക്കൗണ്ട് നം., ശാഖയുടെ പേര്) | |

| | |
|---|---|
| 10.വിരമിക്കുന്ന സമയത്തെ തസ്തിക (സമയബന്ധിത ഹയർ ഗ്രേഡ് ലഭ്യമായിട്ടുണ്ടെങ്കിൽ) | |
| 11. വിരമിക്കുന്ന സമയത്തെ അടിസ്ഥാന ശമ്പളം | |
| 12. വിരമിക്കുന്ന സമയത്തെ ശമ്പള സ്കെയിൽ | |
| 13.വിരമിക്കുന്ന സമയത്തെ ശമ്പള സ്കെയിലിന് അനുസൃതമായ പരിഷ്കരിച്ച സ്കെയിൽ | |
| 14. യോഗ്യസേവനകാലം | |
| 15. സർവീസിൽ ചേർന്ന തീയതി | |
| 16. പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയുടെ മേൽ വിലാസം | |
| 17. പെൻഷന്റെ കമ്മ്യൂട്ടഡ് ഭാഗം പുന:സ്ഥാപിച്ച തീയതി | |
| 18. പെൻഷൻ വാങ്ങാനാരംഭിച്ച തീയതി | |
| 19. കുടുംബ പെൻഷൻ വാങ്ങാനാരംഭിച്ച തീയതി | |
| 20. പെൻഷണർ നൽകാൻ ആഗ്രഹിക്കുന്ന മറ്റ് വിവരങ്ങൾ | |

മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമബോധ്യത്തിലും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പെൻഷണർ/കുടുംബപെൻഷണറുടെ പേരും ഒപ്പും

സ്ഥലം

തീയതി

# അനുബന്ധം II

## സാക്ഷ്യപത്രം

പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി അധിക തുക കൈപ്പറ്റിയതായി ഭാവിയിൽ കണ്ടെത്തുന്നപക്ഷം ടി തുക എന്റെ പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പെൻഷണർ/കുടുംബ പെൻഷണറുടെ പേരും ഒപ്പും

സ്ഥലം

തീയതി

# അനുബന്ധം III

## ട്രഷറി/പെൻഷൻ അനുവദിക്കുന്ന അധികാരി

| | 01/07/2019 ന് മുൻപ് വിരമിക്കുകയോ സർവീസിലിരിക്കെ മരണപ്പെടുകയോ ചെയ്ത സാഹചര്യത്തിൽ | 01/07/2019 ന് ശേഷം വിരമിക്കുകയോ സർവീസിലിരിക്കെ മരണപ്പെടുകയോ ചെയ്ത സാഹചര്യത്തിൽ |
|---|---|---|
| നിലവിലെ പെൻഷൻ / കുടുംബ പെൻഷൻ | | |
| 01/07/2019 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച പെൻഷൻ / കുടുംബ പെൻഷൻ | | |
| 01/07/2019 തീയതി മുതൽ പരിഷ്കരിച്ച പെൻഷൻ / കുടുംബ പെൻഷന്റെ കുടിശ്ശിക | | |
| DCRG യുടെ കുടിശ്ശിക | ബാധകമല്ല | |
| CVP യുടെ കുടിശ്ശിക | ബാധകമല്ല | |

പെൻഷൻ വിതരണ അതോറിറ്റിയുടെ ഒപ്പ്:
തസ്തികയും ഓഫീസും:
മേൽവിലാസം:

സ്ഥലം:
തീയതി:

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-11-2022

ഫയൽ നം. പെൻ-ബി2/32/2022/ധന.(ഇ-2110380). ഇനം നം: 1124

വിഷയം : ധനകാര്യ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ–ബി2/32/2022 -ധന (ഇ–2110380) |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18/10/2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | - ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഷിബു. എ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/10/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | Dr. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/10/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/10/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29/10/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 02/11/2022 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ (തുടർന്ന് ലൈബ്രറി കൗൺസിൽ എന്ന് വായിക്കേണ്ടതാണ്), നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ/മറ്റ് അനുബന്ധ ആനുകൂല്യങ്ങൾ എന്നിവ 01.07.2019 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

**2)** 11.05.2022 തീയതിയിലെ സ.ഉ[എം.എസ്]നം. 227/2022/ഉ.വി.വ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ച സാഹചര്യത്തിൽ ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്.

**3)** ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച 97 പെൻഷൻകാർക്കും 70 കുടുംബപെൻഷൻകാർക്കും 8 പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർക്കും നിലവിൽ പെൻഷൻ നൽകുന്നതിന് 30,00,000/- രൂപ ചെലവ് വരുന്നു. 11-ാം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിമാസം ഏകദേശം 9,00,000/- രൂപ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ വെളിച്ചത്തിൽ (12.02.2021 ലെ സ.ഉ.(പി)നം.30/2021/ധന, 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന) ച്ചവടെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷനും പരിഷ്കരിക്കാവുന്നതാണ്.

- 01.04.2013 ന് മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഇത് ബാധകം.

- 12/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 30/2021/ധന, 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം പെൻഷൻ പരിഷ്കരിക്കാവുന്നതും, 19/03/2021 തീയതിയിലെ പരിപത്രം നം. 27/2021/ധന, 27/03/2021 തീയതിയിലെ പരിപത്രം നം. 30/2021/ധന, 02/07/2021 തീയതിയിലെ പരിപത്രം നം. 50/2021/ധന, 19/07/2021 തീയതിയിലെ പരിപത്രം നം. 57/2021/ധന എന്നിവയിലെ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കാവുന്നതുമാണ്.
- പാർട്ട്-ടൈം പെൻഷൻകാർക്കും, എക്സ് ഗ്രേഷ്യ പെൻഷൻകാർക്കും 12.02.2021 ലെ G.O(P) 30/2021/ധന, 23.02.2021 ലെ G.O(P) 35/2021/ധന എന്നിവയിലെ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കാവുന്നതുമാണ്.
- 12/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 30/2021/ധന, 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രതിമാസ കുറഞ്ഞ അടിസ്ഥാന പെൻഷൻ/കുടുംബ പെൻഷൻ 11,500/-രൂപയായും കൂടിയ പെൻഷൻ 83,400/- രൂപയായും (ലൈബ്രറി കൗൺസിലിലെ ഉയർന്ന ശമ്പള സ്കെയിലായ 1,66,800/- രൂപയുടെ 50%) ഏറ്റവും കൂടിയ കുടുംബ പെൻഷൻ 50,040/- രൂപയായും (ലൈബ്രറി കൗൺസിലിലെ ഉയർന്ന ശമ്പള സ്കെയിലായ 1,66,800/- രൂപയുടെ 30%) വർദ്ധിപ്പിക്കാവുന്നതാണ്.

- 01.04.2021 മുതൽ പരമാവധി ഡി.സി.ആർ.ജി തുക 17,00,000/- രൂപയായി നിജപ്പെടുത്താവുന്നതാണ്.
- പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം ഉണ്ടാകുന്നതാണ്.
- 01/07/2019–നോ അതിനുശേഷമോ വിരമിച്ചവരുടെ, ഡി.സി.ആർ.ജി/ ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ തുല്യ ഗഡുക്കളായിട്ട് വിഭജിച്ച്, ആദ്യ രണ്ട് ഗഡുക്കൾ 2022 ഡിസംബർ മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും നൽകാവുന്നതാണ്. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/12/2022 ന് പണമായി വിതരണം ചെയ്യാവുന്നതാണ്.
- അർഹതപ്പെട്ട ഡി.സി.ആർ.ജി/ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴുവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷനർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, മരണമടയുന്ന തീയതി വരെയുള്ള പ്രസ്തുത കുടിശ്ശിക പെൻഷനറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് 01.09.2022 ലെ G.O(P).103/2022/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം നൽകാവുന്നതാണ്.
- പെൻഷൻ പരിഷ്കരണം വഴി എന്തെങ്കിലും അധിക തുക തെറ്റായി നൽകിയതായി ഭാവിയിൽ കണ്ടെത്തുന്ന പക്ഷം ടി തുക, ഡി.സി.ആർ.ജി–യുടെ കുടിശ്ശിക, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന്

ഈടാക്കാവുന്നതാണ്.

- മെഡിക്കൽ അലവൻസായി നിലവിലെ നിരക്കായ 500/-രൂപ 01.04.2021 പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്.
- G.O(P) 35/2021/FIN dated. 23.02.2021 പ്രകാരം 80 വയസ്സ് തികഞ്ഞ പെൻഷൻ/കുടുംബ പെൻഷൻ/ പാർട്ട്-ടൈം പെൻഷൻ/പാർട്ട്-ടൈം കുടുംബ പെൻഷൻ/ എക്സ് ഗ്രേഷ്യ പെൻഷൻ/എക്സ് ഗ്രേഷ്യ കുടുംബ പെൻഷൻകാർ എന്നിവർക്ക് 01.04.2021 പ്രാബല്യത്തിൽ 1000/- രൂപ സ്പെഷ്യൽ കെയർ അലവൻസ് അനുവദിക്കാവുന്നതാണ്.
- 01/04/2021 മുതൽ 01/11/2022 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശിക 2022 ഡിസംബർ മാസത്തെ പെൻഷനോടൊപ്പം നൽകാവുന്നതാണ്.

**4)** കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ, മറ്റ് അനുബന്ധ ആനുകൂല്യങ്ങൾ എന്നിവ പരിഷ്കരിക്കുന്ന വിഷയം ബഹു.മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുൻ ഖണ്ഡിക 3-ൽ പറഞ്ഞ വ്യവസ്ഥകൾക്കനുസരിച്ച് പരിഷ്കരിക്കാമോ?

**GOVERNMENT OF KERALA**
**(Sri. Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | | |
|---|---|---|
| 1 | File No | PEN-B2/32/2022-FIN (E-2110380) |
| 2 | Department | Finance Department |
| 3 | Subject | Revision of Pension in respect of Kerala State Library Council Employees – reg. |
| 4 | Date of Chief Minister's order for placing before the Council | 18/10/2022 |
| 5 | i) Does the case involve financial commitments/implications | Yes |
| | ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | File is dealt within Finance Department. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Draft Note | Sri. Shibu.A |
| 8 | Name of Additional Chief Secretary who approved the Draft Note | Sri. Bishwanath Sinha |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | 22/10/2022 |
| 10 | Name of Chief Secretary who approved the Draft Note | Dr. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 26/10/2022 |
| 12 | Name of Minister who approved the Draft Note | Sri.K.N. Balagopal |
| 13 | Date of approval of the Draft Note for the Council by the Minister | 27/10/2022 |
| 14 | Date of submission of fair copies | 29/10/2022 |
| 15 | Date of decision by the Council of Ministers | 02/11/2022. |
| 16 | Number and date of the G.O/letter communicating the decision | |

# Note for Council of Ministers

1) The cabinet note relates to the revision of pensionary benefits in respect of retired employees of Kerala State Library Council.

2) Revision of Pay and other related benefits in respect of Employees of the Kerala State Library Council consequent on revision of pay scales from 01/07/2019 has already been done vide GO(Ms).No.227/2022/HEDN dated 11/05/2022. In this circumstance Revision of Pension and other related benefits in respect of Retired Employees of the Kerala State Library Council has to be done w.e.f 01/07/2019.

3) For the pension of 97 Pensioners , 70 Family Pensioners and 8 Part Time Contingent Pensioners of the Kerala State Library Council, the commitment currently is Rs. 30,00,000/- per month. After the 11th Pension Revision, the additional commitment per month would be Rs.9,00,000/- [approx]. In light of the revision of pensionary benefits of State Service Pensioners issued vide GO(P).No.30/2021/Fin dated 12/02/2021, and GO(P) No.35/2021/Fin dated 23/02/2021, the pensionary benefits of retired Employees of the Kerala State Library Council shall be revised as per the following conditions:

- This is only applicable to pensioners who entered into regular service before 01.04.2013
- Pension shall be revised as per GO(P) No.30/2021/Fin dated 12/02/2021, GO(P) No.35/2021/Fin dated 23/02/2021 and conditions mentioned in Circular No 27/2021/Fin dated 19/03/2021, Circular No 30/2021/Fin dated 27/03/2021, Circular No 50/2021/Fin dated 02/07/2021 and Circular No 57/2021/Fin dated 19/07/2021 shall be made applicable except the provisions of arrears on revision of Pension/Family Pension.
- GO(P) No.30/2021/Fin dated 12/02/2021, GO(P) No.35/2021/Fin dated 23/02/2021 shall be made applicable to Part-Time Pensioners and Ex-gratia pensioners except the arrears of revision of Pension/Family Pension.
- As per GO(P) No.30/2021/Fin dated 12/02/2021 and GO(P) No.35/2021/Fin dated 23/02/2021, the minimum basic pension /family pension shall be enhanced to Rs.11,500/- per month. The maximum pension shall be Rs.83,400/-(ie, 50% of the maximum of the highest scale of pay under Kerala State Library Council Rs.1,66,800/-) .The maximum family pension (normal rate) shall be Rs.50,040/- (ie, 30% of the maximum of the highest scale of pay under Kerala State Library Council Rs.1,66,800/-) .
- The maximum DCRG shall be Rs.17,00,000/- with effect from 01.04.2021.

- Arrears on account of revision of Pension/Family pension may be decided later.
- In the case of those who retired on or after 01/07/2019, the arrears of DCRG and Terminal Surrender will be disbursed in four instalments each at 25% of the arrears, in cash. The first two instalments of arrears shall be disbursed along with the monthly pension of December 2022. The other two instalments shall be disbursed on the date on which they are disbursed for the State Government Pensioners. Arrears on Commutation will be disbursed in a single installment in cash on 01/12/2022.
- In the event of death, the entire arrears on account of revision of DCRG, and Terminal Surrender as the case may be, not drawn by the pensioner will be paid as to the nominee/legal heirs of the pensioner as per the directions in the G.O(P).103/2022/Fin Dated 01.09.2022.
- Excess if any on account of revision of pensionary benefits mistakenly disbursed, found in future, shall be recovered from the arrears of DCRG, arrears of pension, arrears of dearness relief and future dearness relief on pension.
- Medical Allowance of current rate of Rs.500/- shall be given to pensioners and family pensioners. w.e.f 01.04.2021.

- As per GO(P) No.35/2021/Fin dated 23/02/2021, Special Care Allowance of Rs.1,000/- per month shall be paid to pensioners/family

pensioners/ part time pensioners/part time family pensioners/ Ex-gratia pensioners/ Ex-gratia family pensioners on completion of 80 years of age with effect from 01.04.2021.

- Arrears on Medical allowance and Special Care Allowance from 01/04/2021 to 01/11/2022 shall be paid along with Pension of December 2022.

4) The Hon'ble Chief Minister has ordered to submit the above proposal before the Cabinet for consideration.

**Point for decision**

**Whether the Pensionary benefits of retired Employees of Kerala State Library Council shall be revised in accordance with the conditions stated in Para 3 ?**